(ഡി) ഇല്ലെങ്കിൽ വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം, നിർദ്ദിഷ്ട സ്ഥലം ഏറ്റെടുക്കാൻ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പ് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് വക കുന്പിലാവ് വില്ലേജ് സർവ്വേ നമ്പർ 606/1, 606/2-ൽപ്പെട്ട 0.2549 ഹെക്ടർ (63 സെന്റ്) സ്ഥലം, ചേർപ്പ് ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പിന് സൗജന്യമായി വിട്ടുകൊടുക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് ജി.ഒ. (ആർ റ്റി.) നമ്പർ 252/15/ ത.സ്വ.ഭ.വ. തീയതി 28-1-2015 പ്രകാരം അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി-ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശ ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് വിട്ടൊഴിഞ്ഞാൽ മാത്രമേ ഭൂമി വിട്ടൊഴിയൽ നടപടിപ്രകാരം തണ്ടപ്പേരിൽ കുറവുചെയ്ത് പുറന്പോക്കിലേയ്ക്ക് മാറ്റിയശേഷം സേവന വകുപ്പുകൾക്ക് കൈമാറുന്നതിന് നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ എന്ന് 8-5-2013-ലെ LR-K2-18287/12 നമ്പർ സർക്കുലറിലൂടെ റവന്യൂവകുപ്പ് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിൻപ്രകാരം നടപടി സ്വീകരിച്ചശേഷം മാത്രമേ പ്രസ്തുത സ്ഥലം വകുപ്പിന് ഏറ്റെടുക്കാൻ സാധിക്കുകയുള്ളൂ. ടി സ്ഥലം സർക്കാരിലേയ്ക്ക് വിട്ടൊഴിയുന്നതിനുള്ള നടപടി നിലവിലത്തെ ഉടമ എന്നനിലയ്ക്ക് അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്. റവന്യൂ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർദ്ദിഷ്ട സ്ഥലം വകുപ്പ് ഏറ്റെടുക്കുന്നതാണ്.

ഐ.ടി.ഐ.-കളുടെ കണക്കുകൾ

258 (923) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ 2006-15 കാലയളവിൽ ഓരോ വർഷവും എത്ര വീതം സീറ്റുകൾ ഉണ്ടായിരുന്നുവെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) ഓരോ വർഷവും എത്ര സീറ്റുകളും സ്കൂളുകളും എവിടെയെല്ലാം അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) അനുവദിക്കപ്പെട്ട ഐ.ടി.ഐ.-കളിൽ ഇതുവരെ അഫിലിയേഷൻ ലഭിക്കാത്തവ ഏതെല്ലാമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ.-കളിൽ എൻ.സി.വി.റ്റി. അഫിലിയേഷൻ ലഭിച്ചിട്ടില്ലാത്ത ട്രേഡുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

നഴ്സിംഗ് നൈപുണ്യ വികസനകേന്ദ്രം

259 (924) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഴ്സിംഗ് നൈപുണ്യ വികസന കേന്ദ്രം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ എന്തെല്ലാം ; ഇതിന്റെ നോഡൽ ഏജൻസി ആരാണ് ; വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കേന്ദ്രത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത് ആരെല്ലാമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്വകാര്യമേഖലയിലെ പരിചയസമ്പന്നരുമായി സഹകരിച്ച് നഴ്സുമാർക്ക് തൊഴിൽ നൈപുണ്യം മെച്ചപ്പെടുത്തുന്നതിനായി തിരുവനന്തപുരത്ത് നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE) എന്ന സ്ഥാപനം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. വിവിധ തലത്തിലുള്ള നഴ്സുമാർക്ക് തൊഴിൽ നൈപുണ്യം, ആശയവിനിമയത്തിനുള്ള കഴിവുകൾ, കമ്പ്യൂട്ടർ അവബോധം, ഇംഗ്ലീഷ് ഭാഷാ പരിശീലനം എന്നിവ ഉൾപ്പെടുന്ന കോഴ്സുകൾ നടത്തുക, അനുയോജ്യമായ അന്താരാഷ്ട്ര, ആഭ്യന്തര തൊഴിൽ സാധ്യതകൾ കണ്ടെത്തുക, അന്താരാഷ്ട്ര പ്ലേസ്മെന്റ് രംഗത്തെ തടസ്സങ്ങളെ തരണംചെയ്യാൻ സഹായിക്കുക എന്നിവയാണ് NICE -ന്റെ ലക്ഷ്യങ്ങൾ. അഡ്വാൻസ്ഡ് നഴ്സിംഗ് എക്സലൻസ് പ്രോഗ്രാം ബിരുദധാരികളോ അല്ലെങ്കിൽ ഡിപ്ലോമാ ബിരുദധാരികളോ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.